# GLV H.S കടപ്പ

മൈനാഗപ്പള്ളി

## അക്കാദമിക മാസ്റ്റർ പ്ലാൻ

( 2025-2026)

## L.P വിഭാഗം

### മലയാളം

ജൂൺ - മാർച്ച്

*അമൃതം മലയാളം

*അക്ഷരമുറപ്പിക്കൽ :

*മുന്നറിവ് പരിശോധിക്കുന്നു.

* അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. *അക്ഷരങ്ങളും വാക്കുകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കളർ ചെയ്യുന്നു.

*അക്ഷര കേളികൾ നടത്തുന്നു. അതിൽ നിന്നും അക്ഷരങ്ങൾ തിരിച്ചറിയുന്നു.

*അക്ഷരങ്ങളിൽ നിന്ന് വാക്കുകൾ നിർമ്മിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൂടുതൽ വാക്കുകൾ പരിചയപ്പെടുന്നു.

*ചിത്രം പ്രദർശിപ്പിച്ച് പദം ഉറപ്പിക്കൽ(കുട്ടികൾ)

* വായന പരിപോഷിപ്പിക്കൽ:

*പുസ്തകാനുഭവം പങ്കിടൽ,

*തയ്യാറാക്കിയ വായനക്കുറിപ്പ്,ആസ്വാദനക്കുറിപ്പ്, സർഗ്ഗസൃഷ്ടി എന്നിവയുടെ പ്രകാശനം. *സ്കൂൾ അസംബ്ലിയിൽ പത്രവായന നടത്തൽ.

*ലേഖന ഉറപ്പിക്കൽ :

*കഥയെഴുതൽ കഥ പൂർത്തിയാക്കൽ, പഴഞ്ചൊല്ല് ശേഖരണം, കഥ വികസിപ്പിക്കൽ,വരികൾ കൂട്ടിച്ചേർക്കൽ, വാക്യങ്ങളുടെ ക്രമീകരണം, പത്രവാർത്ത തയ്യാറാക്കൽ, ഡയറി എഴുത്ത് ഇവ നടത്തുന്നു.

*E- വായന പ്രോത്സാഹിപ്പിക്കൽ :

*വിക്കിപീഡിയ പരിചയപ്പെടൽ.

*ഇന്റർനെറ്റിൽ നിന്നും വിവരശേഖരണത്തിനുള്ള നൈപുണി വികസിപ്പിക്കൽ.

### English

* Femiliaring letters & words
Alphabet cards

Sentence cards
Picture cards
Letter Tree
Word Tree
* word making
Word web making
Word making using letter cards
Sentence making using Word strips
Simple picture stories
Say and write Simple sentences related to picture
Stories
English assembly
News reading
Diaries
Telling picture stories,  reading and writing,  story telling
Arrange class library
Role play
Skit, Drama
Conduct spoken English class
Draw pictures such as trees, birds, animals, vehicles etc.
*Role play
Storytelling and writing
Coloring the pictures
Greeting card making
Notice making
Placard making
Add more lines
Conversation and dialogues writing
Riddles and puzzles making
Reading Notice making
Version making
Wall chart making
Collage making
Picture description
ICT use
Talent lab for genius
Continuing Hello English
English cluബി

## അറബിക്

**ജ്രൂൺ,ജൂലൈ**

*അക്ഷര വായന, എഴുത്ത് രീതി, ചിഹ്നം
ചേർത്തുള്ള വായന: അക്ഷര കാർഡുകൾ
നൽകുന്നു. അക്ഷരങ്ങൾക്കു നിറം
നൽകൽ, ഉച്ചാരണ ശുദ്ധിയോടെ

വായിക്കാൻ പരിശീലിപ്പിക്കൽ എന്നീ
പ്രവർത്തനങ്ങൾ നടത്തുന്നു.
ഓഗസ്റ്റ്
*വായിക്കാനുള്ള കഴിവുണ്ടാക്കുന്നു.
അതിനായി അക്ഷരങ്ങൾ outline നൽകി
എഴുതാൻ പരിശീലിപ്പിക്കുന്നു. ഐസിടി
ഉപയോഗിക്കുന്നു.
കഥ,വായന,വ്യാകരണങ്ങൾ ഇവ
പരിശീലിപ്പിക്കുന്നു.
*വാക്കുകൾ .
ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു,
നിത്യേന ക്ലാസ്സിൽ സന്ദർഭത്തിനനുസരിച്ച്
ഉപയോഗിക്കുന്നു.
*പദസമ്പത്ത് വർദ്ധിപ്പിക്കൽ :
ദിവസം പുതിയ അറബി വാക്കുകൾ
അർത്ഥം ഉൾക്കൊണ്ട് പഠിക്കുന്നു.
അക്ഷര കാർഡുകൾ നൽകി പദങ്ങൾ
നിർമ്മിക്കൽ, അറബിക് പോസ്റ്ററുകൾ
നിർമ്മാണം.
*നിർമ്മാണം
* കലാ മത്സരങ്ങൾ :
മത്സരങ്ങൾക്ക് പരിശീലനം നൽകുന്നു.

## ഗണിതം

ജൂൺ - ജൂലൈ

*ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.
പ്രകൃതിയിലെ ഗണിതം: ചുറ്റുപാടുമുള്ള
ജാമതിക രൂപങ്ങൾ തിരിച്ചറിയൽ
ജാമിതീരൂപങ്ങൾ ചേർത്തുവച്ച പുതിയ
രൂപങ്ങൾ നിർമ്മിക്കൽ
ഓറിഗാമിയിലൂടെയുള്ള പഠനം ജാമിതീയ
പാറ്റേൺ നിർമ്മിക്കൽ

ജൂൺ -ജനുവരി

*ഗണിത ചിന്താശേഷി വളർത്തൽ: ഒരു ദിനം
ഒരു ചോദ്യം (കുസൃതി കണക്ക്), ഗണിത
പസിൽ, ഗണിത ക്യാമ്പ്( ഗണിത
കളികളിലൂടെ)
*ചതുഷ്ക്രിയകൾ ലളിതമാക്കൽ:
വിവിധ കളികളിലൂടെ ചതുഷ്ക്രിയകൾ
ഉറപ്പിക്കൽ .
*ഗണിത പഠനോപകരണ ശില്പശാല:
പഠനോപകരണങ്ങളുടെ നിർമ്മാണം,പരിസര പഠനം

ജൂൺ- ജൂലൈ

* സൗഹൃദ മനോഭാവം: പ്രീ .
പ്രകൃതി നടത്തം, ചുറ്റുമുള്ള ജീവജാലങ്ങളെ
നിരീക്ഷണം, പ്രത്യേകതകൾ
മനസ്സിലാക്കൽ.
*വ്യക്തി ശുചിത്വം,പരിസര ശുചിത്വം: ദിന
കൃത്യങ്ങൾ - ചർച്ച,
കൃത്യമാക്കൽ,ഉറപ്പിക്കൽ, ക്ലാസ്സല ശുചിത്വം മത്സരം, ക്ലാസ് റൂം-പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകൽ, നല്ല ശീലങ്ങൾ പോസ്റ്റർ തയ്യാറാക്കൽ
ജൂലൈ - സെപ്റ്റംബർ
• അഭിരുചി വളർത്തൽ:വിവിധ ആവാസ വ്യവസ്ഥകൾ അറിയാം,ജീവികളുടെ പരസ്പരാശ്രയത്വം, സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം,പരിപാലനം, പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ
പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ

### കലാപഠനം

ജൂൺ - മാർച്ച്

ചിത്രരചന, കളറിംഗ്, നാടൻപാട്ട് വഞ്ചിപ്പാട്ട് ശേഖരിക്കൽ പഠനം. തിരുവാതിരക്കളി, നാടകം, കഥാപ്രസംഗം ഒപ്പന, മാപ്പിളപ്പാട്ട് ഇവയുടെ പരിശീലനം മത്സരത്തിൽ പങ്കെടുക്കൽ.

## കായികപഠനം

ജൂൺ-മാർച്ച്
കബഡി പരിശീലനം യോഗപരിശീലനം
കരാട്ടെ പരിശീലനം

## പ്രവർത്തിപരിചയം

ചന്ദനത്തിരി, ചോക്ക് പൂക്കൾ, പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം, vegetable printing ഇവ പരിശീലിപ്പിക്കുന്നു.

# UP വിഭാഗം

### മലയാളം

ജൂൺ ജൂലൈ ആഗസ്റ്റ്:
ഭാഷാപരമായ അടിസ്ഥാന ശേഷികൾ വികസിപ്പിക്കുന്നതിനായി: വായന കാർഡുകൾ, അനുഭവക്കുറിപ്പുകൾ അവധിക്കാല അനുഭവങ്ങൾ,കഥകൾ, ചെറു കവിതകൾ ഇവ അവതരിപ്പിക്കുന്നു.
ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ: പ്രീ ടെസ്റ്റ് നടത്തി മുന്നറിവ് പരിശോധിക്കുന്നു. അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. അക്ഷരങ്ങളും വാക്കുകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കളർ ചെയ്യുന്നു. അക്ഷര കാർഡുകൾ തയ്യാറാക്കുന്നു. അതിൽ നിന്ന് അക്ഷരങ്ങൾ തിരിച്ചറിയുന്നു. അക്ഷരങ്ങളിൽ നിന്ന് വാക്കുകൾ നിർമ്മിക്കുന്നു.

ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൂടുതൽ വാക്കുകൾ പരിചയപ്പെടൽ.
പദം കണ്ടെത്തൽ, ചാർട്ടുകൾ നിർമ്മിക്കൽ
ക്രോഡീകരിക്കൽ (കുട്ടികൾ )

• പദ സമ്പത്ത് വർദ്ധിപ്പിക്കൽ : ആശയങ്ങൾ, പദങ്ങൾ വാക്യങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു.

ജൂൺ മുതൽ മാർച്ച് വരെ

• അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നതിനായി പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ, മാസികകൾ വായിച്ച് ആശയങ്ങൾ ആവിഷ്കരിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നു.
ഒക്ടോബർ  നവംബർ മാസങ്ങളിൽ

സാഹിത്യ രചന ക്യാമ്പുകൾ, വ്യവഹാര രൂപങ്ങൾ ഇവ പരിചയപ്പെടുകയും ലേഖന മികവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## ഇംഗ്ലീഷ്

ജൂൺ -ആഗസ്റ്റ്

പിന്നോക്കാവസ്ഥ പരിഹരിക്കൽ:
പ്രീ ടെസ്റ്റ് നടത്തി മുന്നറിവ് പരിശോധിക്കൽ , അക്ഷര കാർഡുകൾ ഐസിടി വിവിധ ചിത്രങ്ങൾ ഉപയോഗിച്ച് spelling പരിചയപ്പെടുത്തൽ
Language game:
അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമിക്കൽ, ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൂടുതൽ വാക്കുകൾ പരിചയപ്പെടൽ, ക്രോഡീകരണം.

**October -December**

Vocabulary Enrichment:
കിട്ടിയ വാക്ക അടിസ്ഥാനത്തിൽ നിഘണ്ടു നിർമ്മാണം, language game, puzzle
ഭാഷാശേഷി വികസനം:
ഇംഗ്ലീഷ് ശ്രവിക്കുവാനും സംസാരിക്കാനുള്ള അവസരം ഒരുക്കുന്നു: ഇംഗ്ലീഷ് record ചെയ്ത കേൾപ്പിക്കുന്നു, ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനായാസം ഉത്തരം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുന്നു, ഇംഗ്ലീഷിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം.
Class wise English assembly

## ഹിന്ദി

ജൂൺ- മാർച്ച്
എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കുവാനും എഴുതുവാനും ഫലപ്രദമായി സംസാരിക്കുവാനും ഉള്ള ശേഷി വർദ്ധിപ്പിക്കൽ:
പ്രീ ടെസ്റ്റ്, അക്ഷരക്കളികൾ, അക്ഷര പ്ലക്കാർഡുകൾ ഇവ ഉപയോഗിച്ച് അക്ഷരം തിരിച്ചറിയുന്നു.
അക്ഷരത്തിൽ നിന്ന് വാക്കുകൾ തിരിച്ചറിയുന്നു, വാക്കുകൾ നിർമ്മിക്കുന്നു.
ചിത്രം പ്രദർശിപ്പിച്ച് പദം ഉറപ്പിക്കൽ,
പദസൂര്യൻ പൂർത്തീകരണം.
കേട്ടെഴുത്തിലൂടെ  വാക്കുകൾ കൂടുതൽ ഉറപ്പിക്കുന്നു.

ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ കൂടുതൽ വാക്കുകൾ കണ്ടെത്തുന്നു. നിഘണ്ടു നിർമ്മിക്കുന്നു.

കാർട്ടൂൺ പ്രദർശനം(ICT)
കഥാപാത്രങ്ങളെ തിരിച്ചറിയുന്നു.
സംഭാഷണം മനസ്സിലാക്കി ചെറുകഥകൾ തയ്യാറാക്കുന്നു.
കൂടുതൽ കഥകൾ സമാഹരിക്കുന്നു.
സ്വയം കഥകൾ തയ്യാറാക്കുന്നു.

ക്ലാസ് ലൈബ്രറി നിർമ്മിക്കുന്നു.

ദിനാചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹിന്ദി പോസ്റ്ററുകൾ തയ്യാറാക്കുന്നു.

ഹിന്ദി അസംബ്ലി സംഘടിപ്പിക്കുന്നു.

## അറബിക്

ജൂൺ - മാർച്ച്

പ്രീ ടെസ്റ്റ് നടത്തി മുന്നറിവ് പരിശോധിക്കുന്നു.
അക്ഷരങ്ങൾ പരിചയപ്പെടുന്നു.
വാക്കുകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കളർ ചെയ്യുന്നു.
അക്ഷര കേളികൾ നടത്തുന്നു.
അക്ഷര പ്ലക്കാർഡുകൾ തയ്യാറാക്കുന്നു.

അക്ഷരത്തിൽ നിന്നും വാക്കുകൾ രൂപീകരിക്കുന്നു.
സംഘ പ്രവർത്തനത്തിലൂടെ കൂടുതൽ വാക്കുകൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
ക്രോഡീകരിക്കൽ.
നിഘണ്ടു നിർമ്മാണം.

ശേഖരിച്ച വാക്കുകളുടെ അടിസ്ഥാനത്തിൽ വാക്യ നിർമ്മാണം

സംഭാഷണശേഷി വികസനം:

കാർട്ടൂൺ പ്രദർശനം കഥാപാത്രങ്ങളെ തിരിച്ചറിയൽ
സംഭാഷണം മനസ്സിലാക്കി ചെറുകഥകൾ തയ്യാറാക്കൽ
ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ

ഡിസംബർ 18 - അറബിക് ഭാഷ ദിനവുമായി ബന്ധപ്പെട്ട് ക്വിസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു.

ബാലസഭ: ആഴ്ചയിലൊരിക്കൽ ശേഷിയും അവതരണശേഷിയും വർദ്ധിപ്പിക്കാൻ വേണ്ടി ബാലസഭ കൂടുന്നു. മികച്ച സൃഷ്ടികൾ സഭയിൽ അവതരിപ്പിക്കുന്നു.

## അടിസ്ഥാനശാസ്ത്രം

അക്കാദമി വർഷം

ചുറ്റുപാടിൽ നിന്നും നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നു: ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം , ജൈവവേലി,മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ ഇവ ഉൾക്കൊള്ളിച്ചുകൊണ്ട് ജൈവവിധ്യ പാർക്ക് നിർമ്മിക്കുന്നു.

ശാസ്ത്ര ലൈബ്രറി : ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുന്നു.

ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.
ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു.

ജൂലൈ

കണ്ടറിയാനൊരു യാത്ര:

വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ,ജൈവ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം,പുഴയെ അറിയാൻ തുടങ്ങി യാത്രകൾ

## പരീക്ഷണക്കളരി:

ലഘു പരീക്ഷണങ്ങൾ,
പരീക്ഷണ കിറ്റ് നിർമ്മാണം.
സയൻസ് ലാബ് നവീകരണം.

## സാമൂഹികശാസ്ത്രം

ജൂൺ - നവംബർ

നാടിനെ അറിയാം:
പ്രാദേശിക ചരിത്രരചന, ആൽബം തയ്യാറാക്കൽ, വീഡിയോ,പ്രാദേശിക ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കൽ, പ്രാദേശിക ചരിത്രത്തെ കുറിച്ചുള്ള വിവരണം, പ്രാദേശിക പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ, പഴയ വസ്തുക്കളുടെ ശേഖരണം,പ്രാദേശിക ചരിത്രം വിവരിക്കുന്ന ചാർട്ട് തയ്യാറാക്കൽ, ഐസിടി സാധ്യത ഉപയോഗിച്ച് പ്രാദേശിക ചരിത്രം കൂടുതൽ വിവരണാത്മകമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു.

ജൂൺ - ഡിസംബർ

ആഗോളതാപനം അതിജീവനം:
വൃക്ഷത്തൈ നടീൽ , വനസംരക്ഷണ യജ്ഞം, വനനശീകരണത്തിനെതിരെ ബോധവൽക്കരണ ക്ലാസ്,പ്ലാസ്റ്റിക് നിരോധനം, ദിനാചരണങ്ങൾ, ചർച്ചകൾ, പോസ്റ്റർ തയ്യാറാക്കൽ,പ്ലാസ്റ്റിക് രഹിത വിദ്യാലയം, സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, ആഗോളതാപനം, തടയുന്നതിനുള്ള പ്രസംഗം മത്സരങ്ങൾ പ്രകൃതി സംരക്ഷണ സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ ഇവ നടത്തുന്നു.

## വിവരസാങ്കേതികവിദ്യ

ജൂൺ

• IT lab ഉപകരണങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം.

അക്കാദമി വർഷം:

• കളറിംഗ്, ചിത്രം വരയ്ക്കൽ, ടൈപ്പിംഗ്, ആനിമേഷനുകൾ സ്ലൈഡുകൾ ഇവ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു.

## കലാ പഠനം

ജൂൺ- മാർച്ച്

സർഗാത്മ കഴിവുകൾ തിരിച്ചറിയൽ പ്രോത്സാഹനം :
കവിതകൾ ആസ്വദിക്കാനുള്ള അവസരം, വിഷയം നൽകി കവിത കണ്ടെത്തി ചൊല്ലൽ,കഥ നൽകി കവിത നിർമ്മാണം, ഈണം കണ്ടെത്തൽ, വിവിധ വ്യവഹാര രൂപങ്ങളെ കവിതയാക്കൽ അവതരണം, സ്കൂൾ കലോത്സവത്തിലേക്ക് തെരഞ്ഞെടുക്കൽ.

• ചിത്രരചന: അഭിരുചി കണ്ടെത്തി വിദഗ്ധരുടെ പരിശീലനം.

• ഉപകരണ സംഗീതത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നു.

. • തിരുവാതിര ഒപ്പന നൃത്തരൂപങ്ങൾ ഇവയിൽ താല്പര്യമുള്ളവർക്ക് ICT സാധ്യത,നിപുണർ, അമ്മമാർ എന്നിവയുടെ സഹായത്താൽ പരിശീലനം നൽകുന്നു.
• ആഴ്ചയിൽ ഒരിക്കൽ കലാസംഗമം നടത്തുന്നു.
• കലോത്സവത്തിന് വേണ്ടിയുള്ള പരിശീലനങ്ങൾ

## കായിക പരിശീലനം

അക്കാദമി വർഷം

• കരാട്ടെ, യോഗ തുടങ്ങിയ സ്വയം പ്രതിരോധ പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുന്നു`
• ഫുട്ബോൾ ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നു.

## പ്രവർത്തി പരിചയ പഠനം

പൂക്കൾ നിർമ്മാണം,ക്ലേ മോഡലിംഗ്, എംബ്രോയിഡറി വർക്കുകൾ, പഴം പച്ചക്കറി സംസ്കരണം, സോപ്പ് നിർമ്മാണം,ചോക്ക് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം നൽകുന്നു.
• ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കുന്നു.

# HS വിഭാഗം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ മൂല്യബോധം വളർത്തുന്നതിനായി 2025 ജൂൺ 3 മുതൽ 13 വരെ നടത്തേണ്ടുന്ന ക്ലാസ്സ്തലപ്രവർത്തനങ്ങളും ചുമതലകളും

---> ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ- മലയാളം വിഭാഗം
----> റോഡ് സുരക്ഷ-
സോഷ്യൽ സയൻസ് വിഭാഗം
----> വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പ്,സ്കൂൾ സൗന്ദര്യവൽക്കരണം- ഫിസിക്കൽ സയൻസ് വിഭാഗം
---> പൊതുആരോഗ്യം- ഹിന്ദി വിഭാഗം
---> ഡിജിറ്റൽ അച്ചടക്കം- ബയോളജി വിഭാഗം
---> പൊതുമുതൽ സംരക്ഷണം - ഇംഗ്ലീഷ് വിഭാഗം
---> പരസ്പര സഹകരണം - മാത്സ് വിഭാഗം
അധ്യാപകർ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസുകളും ക്ലാസ് റൂംപ്രവർത്തനങ്ങളും നടത്തി ഡോക്യുമെന്റേഷൻ ചെയ്യുന്നതാണ്.
ക്രോഡീകരിച്ച റിപ്പോർട്ട് ജൂൺ 13ന് തയ്യാറാക്കുന്നതാണ്.

## മലയാളം

• ജൂൺ - സെപ്റ്റംബർ :
ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ , അക്ഷര കാർഡ് നൽകൽ, വാക്ക് നിർമ്മാണം, ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് നിർമ്മാണം ചിത്രം ഉപയോഗിച്ച് കഥ പറയൽ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു.
•ജൂലൈ മുതൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് നൽകുന്നു.
•ഭിന്നശേഷിക്കാരെ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള ക്ലാസ്സ്തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.

### അക്കാദമിക വർഷം:

* ക്ലാസ് ലൈബ്രറി സജ്ജമാക്കൽ, സ്കൂൾ ലൈബ്രറി നവീകരണം, പിറന്നാളിന് ഒരു പുസ്തകം, അമ്മ വായന, വായനക്കൂട്ടം,പുസ്തക ചർച്ച, ചുവർ മാഗസിൻ, സെമിനാർഇവ സംഘടിപ്പിക്കുന്നു. കയ്യെഴുത്തു മാസിക തയ്യാറാക്കുന്നു.
• വിദ്യാരംഗം :മോഡ്യൂൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ,
സമഗ്ര പ്രയോജനപ്പെടുത്തൽ, ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ.

• കർഷകനെ ആദരിക്കൽ ചടങ്ങ്, കർഷകനുമായുള്ള അഭിമുഖം, കൃഷിയുമായി ബന്ധപ്പെട്ട പാട്ടുകളുടെ അവതരണം ഇവ സംഘടിപ്പിക്കുന്നു.
• കേരളപ്പിറവി ദിനത്തിൽ പ്രത്യേക അസംബ്ലി, കേരളീയ വേഷം ധരിക്കൽ, കേരള ചരിത്ര ക്വിസ് ഇവ സംഘടിപ്പിക്കുന്നു

## ഇംഗ്ലീഷ്

• ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുന്നതിനായി spoken English class, English cartoon പ്രദർശനം, English assembly ഇവ നടത്തുന്നു.
• സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുന്നതിനായി news reading competition, public speaking ഇവ സംഘടിപ്പിക്കുന്നു.

• പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി അക്ഷര കാർഡുകൾ, പദ കാർഡുകൾ, വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ ഇവ ക്ലാസ് റൂം പ്രവർത്തനത്തിൽ ഉൾപ്പെടുത്തുന്നു.
• നാടകീകരണം- പാഠഭാഗങ്ങളിൽ നിന്നും രംഗങ്ങൾ കണ്ടെത്തി English skit, puppet show ഇവ ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമാക്കുന്നു .
• സംവാദ സദസ്സുകൾ സംഘടിപ്പിക്കുന്നു- native speakers മായി സംവാദം നടത്താൻ സന്ദർഭം ഒരുക്കുന്നു.

## ഹിന്ദി

• കഥ വായന, കവിത പാരായണം ഇവയ്ക്ക് അവസരം ഒരുക്കുന്നു.
• പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ,നോവലുകൾ, സിനിമകൾ തുടങ്ങിയവ കാണുവാനുള്ള അവസരം ഒരുക്കുന്നു.
• പ്രശസ്ത ജേർണലിസ്റ്റുകളുമായി അഭിമുഖം സംഘടിപ്പിക്കുന്നു.
• ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുന്നു.

## അറബിക്

• പ്രീ ടെസ്റ്റ് നടത്തി മുന്നറിവ് പരിശോധിക്കുന്നു.
• അക്ഷര കേളി സംഘടിപ്പിക്കുന്നു.( ICT)
• ഭാഷാശേഷി

• അറബിക് ഭാഷാ ദിനത്തിൽ അറബിക് ക്വിസ് മത്സരങ്ങൾ, പോസ്റ്റർ രചന മത്സരങ്ങൾ ഇവ സംഘടിപ്പിക്കുന്നു .

## ഫിസിക്കൽ സയൻസ്

പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും ചർച്ചയിലൂടെയും സംഘപ്രവർത്തനങ്ങളിലൂടെയും പഠനം സാധ്യമാകുന്ന തരത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു. സയൻസ് ലാബ് നവീകരിക്കുന്നു.
ജൂൺ 5 : പരിസ്ഥിതി ദിന ക്വിസ്, പോസ്റ്റർ മത്സരങ്ങൾ ഇവ സംഘടിപ്പിക്കുന്നു.
ജൂലൈ 22: ഉപന്യാസ രചന മത്സരം, ചാന്ദ്രദിന ക്വിസ് ഇവ സംഘടിപ്പിക്കുന്നു.
സെപ്റ്റംബർ 16: ഓസോൺ ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ രചന, കാർട്ടൂൺ രചന ഇവ നടത്തുന്നു. തുടർന്ന് ഇതിന്റെ ഒരു പ്രദർശന സംഘടിപ്പിക്കുന്നു.
നവംബർ 7: സിവി രാമൻ ദിനാചരണത്തിന്റെ ഭാഗമായി പ്രസംഗ മത്സര സംഘടിപ്പിക്കുന്നു.
ഡിസംബർ 14: ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തിന് വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു . ഊർജ സംരക്ഷണത്തിനായി കുട്ടികളുടെ വിലയേറിയ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു. വ്യത്യസ്തവും മെച്ചപ്പെട്ടതുമായ നിർദ്ദേശങ്ങൾ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്രോഡീകരിച്ച് സ്കൂളിൽ പ്രദർശിപ്പിക്കുന്നു.
ഫെബ്രുവരി28: ദേശീയ ശാസ്ത്ര ദിനത്തിന് ശാസ്ത്രപ്രദർശനം സംഘടിപ്പിക്കുന്നു.
അക്കാദമിക വർഷം: പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര ലോകത്തെ വിസ്മയ കാഴ്ചകൾ ഇവ ICT, AI സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലെത്തിക്കുന്നു.
സയൻസ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ പഠന പിന്നോക്കകാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പരീക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള അവസരമൊരുക്കുന്നു.

## ജീവശാസ്ത്രം

**2025 ജൂൺ ജൂലൈ:**

സ്കൂൾ ഹരിതവൽക്കരണം, പച്ചക്കറിത്തോട്ട നിർമ്മാണം, പ്ലാസ്റ്റിക്ക് രഹിത ക്യാമ്പസ്, പകർച്ച വ്യാധികളെ കുറിച്ചും കൊതുകുജന്യ
രോഗങ്ങളെക്കുറിച്ചും ഉള്ള ബോധവൽക്കരണ ക്ലാസ് ഇവ സംഘടിപ്പിക്കുന്നു.
ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങൾ: ഫീൽഡ് ട്രിപ്പ്

അക്കാദമി വർഷം:

പരിസ്ഥിതി ക്ലബ്ബിന്റെയും സയൻസ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ ഔഷധത്തോട്ട നിർമ്മാണം.
ദിനാചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾതല, ക്ലാസ്തല ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു .

## സോഷ്യൽ സയൻസ്

• ചുവർ ഭൂപടം ഇന്ത്യൻ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങൾ ഉൾപ്പെടുന്ന ചുവർ ഭൂപടം പ്രദർശിപ്പിക്കുന്നു.
• കാലാവസ്ഥ കലണ്ടർ- ഒരു വർഷത്തിൽ വിവിധ കാലയളവിൽ അനുഭവപ്പെടുന്ന കാലാവസ്ഥ, പകൽ രാത്രി ദൈർഘ്യം, ജീവ ജാലങ്ങളിൽ ഉണ്ടാകുന്ന മാറ്റം, കൃഷി എന്നിവ നിരീക്ഷിക്കുന്നു.
• ചരിത്ര ഗ്രന്ഥശാല- ലോകം,ഇന്ത്യ, കേരളം എന്നിവയുടെ ചരിത്ര പഠനത്തിന് ഉതകും വിധത്തിലുള്ള ചരിത്രം പുസ്തകങ്ങൾ ലഭ്യമാക്കുന്നു.
• ദിനാചരണ പ്രവർത്തനങ്ങൾ : ദിനാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്വിസ്, പോസ്റ്റർ രചന,ചർച്ചകൾ, പ്രസംഗങ്ങൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു.

പൊതുവായ പ്രവർത്തനങ്ങൾ:

• സയൻസ് ലാബ് നവീകരണം
• പുരാതശേഖരണവും പ്രദർശനവും
• ചരിത്രരചന
• പഠനയാത്ര
• അറ്റ്ലസ് നിർമ്മാണം
• സ്കൂൾ മാപ്പ് നിർമ്മാണം

## ഗണിതം

ജൂൺ:
• ആദ്യ രണ്ടാഴ്ചകളിൽ ഗണിതത്തിന്റെ ചതുരകൾ ഉറപ്പിക്കുന്നതിനുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾനൽകുന്നു.
• ജൂൺ രണ്ടാം വാരംനിർമ്മിതികളിൽ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
മൂന്നാം വാരം ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു.
നേതൃത്വത്തിൽ പസിലുകൾ, ഗണിത കേളികൾ കേളി, ഗെയിമുകൾ തുടങ്ങിയവ തയ്യാറാക്കുന്നു.
വിവരം കോണുകൾ, ഭിന്നസംഖ്യകൾ, ശരാശരി, ശതമാനം തുടങ്ങിയ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തി സ്വാംശീകരിക്കുന്നു.
• ഗണിത താൽപര്യം വർദ്ധിപ്പിക്കുന്നതിന് പഴവസ്തുക്കൾ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. ചുറ്റുപാടുമുള്ള ജാമ്യ രൂപങ്ങളുടെ വിവരശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു.

## വിവരസാങ്കേതികവിദ്യ

എല്ലാ കുട്ടികളെയും ഐടി നൈപുണിയുള്ളവരാക്കി മാറ്റി സ്വയം പഠനശേഷി വികസിപ്പിക്കൽ :

ജൂൺ

IT Lab ഉപകരണങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നതിനുള്ള ആവശ്യകത ബോധ്യപ്പെടുത്തൽ, പരിശീലനം.

ജൂൺ -മാർച്ച്

IT അധിഷ്ഠിത വിഷയ പഠന രീതി :
സമഗ്ര പ്രയോജനപ്പെടുത്തൽ, കളറിംഗ്, ചിത്രം വരയ്ക്കൽ,ടൈപ്പിംഗ്, ആനിമേഷനുകൾ സ്ലൈഡുകൾ ഇവ തയ്യാറാക്കൽ,വിവിധ റിപ്പോർട്ടുകൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി സ്വയം തയ്യാറാക്കൽ,ഇന്റർനെറ്റ് വിക്കിപീഡിയ ഇവ പ്രയോജനപ്പെടുത്തിയുള്ള അന്വേഷണാത്മക പഠനം ഇവയ്ക്ക് ഉള്ള പരിശീലനം നൽകുന്നു.

## കലാ പഠനം

ക്ലാസിലെ പാഠഭാഗങ്ങൾ പഠിപ്പിക്കുമ്പോഴും പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും കുട്ടികളുടെ പങ്കാളിത്തം മനസ്സിലാക്കി വിവിധ കലകളിലുള്ള കുട്ടികളുടെ താൽപര്യം കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജൂൺ ആദ്യം മുതൽ തന്നെ തുടങ്ങുന്നു.
•കവിത ചൊല്ലൽ,
വിവിധതരം കവിതകൾ ആസ്വദിക്കുന്നതിനുള്ള അവസരം, വിഷയം നൽകി കവിത കണ്ടെത്തി ചൊല്ലൽ, കഥ നൽകി കവിത നിർമ്മാണം,ഈണം കണ്ടെത്തൽ,വിവിധ വ്യവഹാര രൂപങ്ങളെ കവിതയാക്കി ചൊല്ലൽ, മെച്ചപ്പെടുത്തൽ, സ്കൂൾ കലോത്സവത്തിലേക്ക് തെരഞ്ഞെടുക്കൽ ഇവ നടത്തുന്നു.
• ലളിതഗാനം, ശാസ്ത്രീയ സംഗീതം, മാപ്പിളപ്പാട്ട് തുടങ്ങിയ സംഗീത മേഖലകളിൽ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നു.
•വിദ്യാരംഗം സാഹിത്യ വേദിയുടെ അഭിമുഖത്തിൽ വിവിധ രചനാ മത്സരങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നു. •ആഴ്ചയിൽ ഒരിക്കൽ കലാസംഗമം സംഘടിപ്പിക്കുന്നു.
•ചിത്രം വരയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊണ്ട് ആഴ്ച ആഴ്ചയിലൊരിക്കൽ ചിത്ര കോർണർ സംഘടിപ്പിക്കുന്നു. •ചിത്രപ്രദർശനം,ചിത്ര പതിപ്പ്,ചിത്രകാരന്മാരെ കണ്ടെത്തൽ, നിപുണരെ കൊണ്ട് പരിശീലനം ഇവ നൽകുന്നു( വിവിധ ICT സാധ്യതകളും പ്രയോജനപ്പെടുത്തുന്നു).
•ക്ലാസ്തലത്തിൽ നാടൻ കളികളിലൂടെ നൃത്തത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു
•തിരുവാതിര, ഒപ്പന, എന്നിവ സംഘടിപ്പിക്കൽ.
• അഭിരുചിയുള്ള കുട്ടികൾക്ക് നിപുണർ, അമ്മമാർ, ICT എന്നിവയുടെ സഹായത്താൽ അഭ്യസനം. പ്രകടനത്തിനുള്ള അവസരം ഒരുക്കുന്നു. തുടർന്ന് സ്കൂൾ കലോത്സവത്തിൽ മാറ്റുരയ്ക്കൽ.
•പ്രതിഭയുള്ള കുട്ടികളെ വിവിധ മത്സര വേദികളിൽ പങ്കെടുപ്പിച്ച് പ്രോത്സാഹനം നൽകുന്നു.
•ചെണ്ട,ഹാർമോണിയം, തബല, മൃദംഗം, ഗിത്താർ തുടങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗിക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികളെ രക്ഷിതാക്കളുടെ സഹായത്താൽ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.
•സംഗീതം, നൃത്തം തുടങ്ങിയ മേഖലകളിൽ വിദഗ്ധരെ കൊണ്ട് ക്ലാസ്സ് എടുപ്പിക്കുകയും ഓരോരുത്തരുടെയും അഭിരുചിക്ക് അനുസരിച്ച് പ്രത്യേകം പരിശീലനം നൽകുകയും ചെയ്യുന്നു.

## ആരോഗ്യ കായിക വിദ്യാഭ്യാസം

•5 മുതൽ 10 വരെയുള്ള എല്ലാ കുട്ടികളുടെയും കായികക്ഷമത മെച്ചപ്പെടുത്തുന്നതിനായി വിവിധതരം മൈനർ, മേജർ ഗെയിമുകളിൽ പങ്കെടുപ്പിക്കുന്നു.
• സ്വഭാവ രൂപീകരണത്തിനും മാനസിക സമ്മർദ്ദം ഒഴിവാക്കുന്നതിനും സാമൂഹിക ആരോഗ്യം നിലനിർത്തുന്നതിനും യോഗ പരിശീലനം,ശ്രദ്ധ അഭ്യാസങ്ങൾ ഇവ പരിശീലിപ്പിക്കുന്നു.

• ലഹരി വിമുക്ത ഗ്രാമം, ആരോഗ്യമുള്ള പുതിയ തലമുറ എന്നീ ലക്ഷ്യത്തോടെ എക്സൈസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ് നടത്തുന്നു.ലഹരി വസ്തുക്കളുടെ ദോഷവശങ്ങൾ,ശുചിത്വം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, പോഷകാഹാരം, ആഹാര ശീലങ്ങൾ ഈ മേഖലകളുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസുകളും നൽകുന്നു.
• എയ്റോബിക്സ് പരിശീലനം നൽകുന്നു.

• ലഘു പരീക്ഷണങ്ങൾ, വ്യക്തിഗത പ്രകടനങ്ങൾ ( അർദ്ധ വാർഷിക മൂല്യനിർണയം )
• പഠനയാത്ര സംഘടിപ്പിക്കുന്നു.
• വാർഷിക മൂല്യനിർണയവും അവാർഡ് ദാനവും.

പ്രവർത്തി പരിചയ പഠനം
•ക്ലേ മോഡലിംഗ് :സ്കൂൾ പരിസരത്തു നിന്നും മണ്ണിൽ രൂപങ്ങൾ നിർമ്മിക്കുവാൻ ആവശ്യപ്പെടുന്നു. കഴിവുള്ള കുട്ടികളെ തിരഞ്ഞെടുക്കുകയും വയലിൽ നിന്ന് ചെളി ശേഖരിച്ച് കുട്ടികളെ കൊണ്ട് വിവിധ വിഷയങ്ങൾ നൽകിരൂപങ്ങൾ നിർമ്മിക്കുന്നു.
•ബുക്ക് ബൈൻഡിങ് : നിർമ്മാണത്തിന് ആവശ്യമായ പേപ്പർ, നൂൽ, ഫെവിക്കോൾ, കാലിക്കോ, കാർഡ് ബോർഡ് ഇവ നൽകി ബുക്ക് നിർമ്മിക്കുന്നു. •എംബ്രോയിഡറി,പാവ നിർമ്മാണം, നെറ്റ് നിർമ്മാണം, straw board, vegetable printing, food making, ചോക്ക് നിർമ്മാണം, സോപ്പ് നിർമാണം,പഴം പച്ചക്കറി സംസ്കരണം,മരത്തിൽ കൊത്തുപണി, ഉപകരണ നിർമ്മാണം, പോഷകാഹാര സംസ്കരണം,ഫ്ലവർ മേക്കിങ്,പേപ്പർ ക്രാഫ്റ്റ്, budding, layering, grafting, പാഴ് വസ്തുക്കളിൽ നിന്നും ഉപകരണങ്ങൾ നിർമ്മിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും കുട്ടികളെ കൊണ്ട് ചെയ്യിപ്പിക്കുന്നു.

CWSN കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

* CWSN കുട്ടികളെ കണ്ടെത്തുന്നതിനുള്ള സർവ്വേ
* ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ
* മെഡിക്കൽ ക്യാമ്പ്
* ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം
* ഭിന്നശേഷി ദിനാചരണ പ്രവർത്തനങ്ങൾ
* സ്പെഷ്യൽ assembly
* പഠന പിന്തുണ
* കലാപരിപാടികൾ
* മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രവർത്തനങ്ങൾ
* SSLC Exam concession activities
* BRC level പ്രോഗ്രാം
* prasasth ആപ്പ്
* മറ്റു സ്കൂൾ തല പ്രവർത്തനങ്ങൾ

## GUIDES

June 5 പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടാനും പഴയ വ പരിപാലിക്കാനും തീരുമാനിച്ചു

ജൂൺ 6 :ഗൈഡ്സിലേക്ക് കുട്ടികളെ പ്രവേശിപ്പിക്കാനുള്ള ടെസ്റ്റ് നടത്തുവാൻ തീരുമാനിച്ചു.

ജൂൺ 11 :ലോക വായനാദിനത്തിൽ ലൈബ്രറി ബുക്കുകൾ ഗൈഡ്സ് വായിക്കുകയും കമ്പനി മീറ്റിംഗിൽ പുസ്തകം പരിചയപ്പെടുത്തൽ നടത്തുകയും ചെയ്യാൻ തീരുമാനിച്ചു

.

ജൂൺ 21 :ലോകയോഗ ദിനത്തിൽ വിവിധയോഗ മുദ്രകൾ അഭ്യസിക്കുവാനും അവ മറ്റു കുട്ടികളെ പരിശീലിപ്പിക്കുവാനും തീരുമാനിച്ചു.

ജൂൺ 26: അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കെതിരെയുള്ള അവബോധം സമൂഹത്തിൽ സൃഷ്ടിക്കുന്നതിന് ഫ്ലാഷ് മോബ് , സ്കിറ്റ് എന്നിവ സ്കൂളിലും സമീപപ്രദേശങ്ങളിലും അവതരിപ്പിക്കുവാൻ തീരുമാനിച്ചു.

ജൂലൈ 1 :സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രഥമ സോപാൻ പഠന പ്രവർത്തന ഭാഗമായി പഞ്ചായത്ത് നൽകുന്ന സേവനങ്ങൾ പ്രത്യേകിച്ച് കുട്ടികൾക്ക് നൽകുന്ന സേവനങ്ങൾ മനസ്സിലാക്കുന്നതിനായി പഞ്ചായത്ത് തല സന്ദർശനം നടത്തുവാൻ തീരുമാനിച്ചു.

ജൂലൈ 11 ലോക ജനസംഖ്യ ദിനത്തോടനുബന്ധിച്ച് പുതുതലമുറയെ അവർ ഉദ്ദേശിക്കുന്ന കുടുംബങ്ങൾ സൃഷ്ടിച്ച് ശാക്തീകരിക്കുവാൻ ജീവിതനൈപുണ്യ പരിശീലന ക്ലാസുകൾ കൗൺസിലറുടെ നേതൃത്വത്തിൽ നൽകുവാൻ തീരുമാനിച്ചു

ജൂലൈ 25 കൃഷിഭവന്റെ സഹായത്തോടെ പച്ചക്കറി തൈകൾ ലഭ്യമാക്കി രാജ്യ പുരസ്കാർഗൈഡ്സിന്റെ നേതൃത്വത്തിൽ നടാൻ തീരുമാനിച്ചു.

ആഗസ്റ്റ് 1 :ഗൈഡ്സിന്റെ നേതൃത്വത്തിൽ സ്കൂളിൽ Drydayആചരിക്കാൻ തീരുമാനിച്ചു

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിന ആഘോഷത്തിൽ ദേശഭക്തിഗാനങ്ങൾ ,റാലി എന്നിവയിൽ പങ്കെടുക്കാൻ തീരുമാനിച്ചു.

ഓഗസ്റ്റ് 19 :ലോക ജീവകാരുണ്യ ദിനത്തിൽ പാലിയേറ്റീവ് കെയർ രോഗികളോടൊപ്പം ഒരു ദിനം ആയിരിക്കുവാൻ തീരുമാനിച്ചു
.
ഓഗസ്റ്റ് 22 :ലോകനാട്ടറിവ് ദിനത്തിൽ നമ്മുടെ ചുറ്റുപാടുമുള്ള വിവിധതരം സസ്യങ്ങൾ, കാർഷിക ഉപകരണങ്ങൾ  ഇവയെ പരിചയപ്പെടുത്തുവാൻ തീരുമാനിച്ചു

ഓഗസ്റ്റ് 29, 30, 31 തീയതികളിലായി യൂണിറ്റ് തല ക്യാമ്പ് നടത്താൻ തീരുമാനിച്ചു

സെപ്റ്റംബർ 5 :അധ്യാപക ദിനത്തിൽ അധ്യാപകർക്ക് മധുരം, കാർഡ് ഇവ നൽകി സ്വീകരിക്കുവാൻ തീരുമാനിച്ചു.

സെപ്റ്റംബർ 14 :പ്രഥമ ശുശ്രൂഷ ദിനത്തിൽ കുട്ടികൾക്ക് വിവിധതരം പ്രഥമശുശ്രൂഷകൾ പരിചയപ്പെടുത്താൻ തീരുമാനിച്ചു.

സെപ്റ്റംബർ 12: ഗൈഡ്സിൽ Join ചെയ്ത കുട്ടികളെ Investiture ceremony നടത്തി പ്രവേശിപ്പിക്കുവാൻ തീരുമാനിച്ചു.

ഒക്ടോബർ 2 :ഗാന്ധിജയന്തി ദിനം ഒരാഴ്ചത്തെ ശുചീകരണ പ്രവർത്തനങ്ങളോടെ ആചരിക്കുവാൻ തീരുമാനിച്ചു.

നവംബർ 7: സ്കൗട്ട്സ് & ഗൈഡ്സ് സ്ഥാപക ദിനം വിവിധ കലാപരിപാടികളോടെ ആചരിക്കുവാൻ തീരുമാനിച്ചു.

നവംബർ 14 :ശിശുദിനം , ലോക പ്രമേഹ ദിനം ഇവ സമുചിതമായി ആചരിക്കാൻ തീരുമാനിച്ചു

നവംബർ 25 സ്ത്രീകൾക്കെതിരെയുള്ള അതിക്രമനിർമ്മാർജ്ജന ദിനം ഗൈഡ്സിന്റെ നേതൃത്വത്തിൽ സ്വയം രക്ഷാ പരിശീലനത്തിലൂടെ ആചരിക്കുവാൻ തീരുമാനിച്ചു

ഡിസംബർ 1 :ലോക എയ്ഡ്സ് ദിനം ബോധവൽക്കരണ ക്ലാസുകളിലൂടെ ആചരിക്കുവേണ്ടി തീരുമാനിച്ചു

ഡിസംബർ 3: ലോക ഭിന്നശേഷി ദിനത്തിൽ ഭിന്നശേഷിയുള്ള കുട്ടികളോടൊപ്പം ഒരു ദിനം ആയിരിക്കാൻ തീരുമാനിച്ചു.

## Little Kites

ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ക്ലാസുകൾ നൽകുന്നു. റോബോട്ടിക്സ് പ്രദർശനം നടത്തുന്നു. ഭിന്നശേഷി കുട്ടികൾക്കും, എൽ പി ക്ലാസിലെ കുട്ടികൾക്കും Little Kites. കുട്ടികൾ ക്ലാസ് എടുത്ത് നൽകി വരുന്നു . സബ് ജില്ലാ തല IT മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

## JRC

June 5: പരിസ്ഥിതി ദിനം ആചരിക്കുകയും, പ്ലാസ്റ്റിക് മലിനീകരണത്തിന് അന്ത്യം കുറിക്കണം അറുതി വരുത്തണം തടയണമെന്ന് 2025 പരിസ്ഥിതി ദിന തീം കുട്ടികളെ പരിചയപ്പെടുത്തുകയും പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യാൻ തീരുമാനിച്ചു.

ജൂൺ 19: വായന ദിനം ആചരിക്കുകയും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും വായനയുടെ പ്രയോജനത്തെയും മഹത്വത്തെയും കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യാൻ തീരുമാനിച്ചു.

ജൂൺ 26: ലഹരി വിരുദ്ധ ബോധന പരിപാടി -( വിമുക്തി ക്ലബ്ബ്, സ്കൂൾ ജന ജാഗ്രത സമിതി യോടൊപ്പം ചേർന്ന് ) ലഹരി വിരുദ്ധ വീഡിയോ പ്രദർശനങ്ങൾ, പ്രാഥമിക ലഹരി വിരുദ്ധ ബോധന പരിപാടികൾ,നാടകം, മുഖാമുഖം പരിപാടി, സൈക്കിൾ റാലി,ഫ്ലാഷ് മോബ് തുടങ്ങിയവ സ്കൂളിൽ നടത്താൻ തീരുമാനിച്ചു.

ജൂൺ 30: വന ദിനത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനും പഴയവ പരിപാലിക്കാനും തീരുമാനിച്ചു.

ജൂലൈ 3 : ജെ ആർ സി കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷ
നടത്താൻ തീരുമാനിച്ചു.

ജൂലൈ 21: ചന്ദ്രദിനത്തിന്റെ ഭാഗമായി ചന്ദ്രദിനത്തിന്റെ പ്രത്യേകതയെക്കുറിച്ചും ഐഎസ്ആർഒ യെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അടങ്ങുന്ന വീഡിയോ ക്ലിപ്പ് കാണിക്കാൻ തീരുമാനിച്ചു.

ആഗസ്റ്റ് : ജെ ആർ സി സ്കൂൾ മുറ്റത്തൊരു തേന്മാവ് തൈ എന്ന പദ്ധതിയുടെ ഭാഗമായി കൃഷിഭവനിൽ നിന്നും തൈ ശേഖരിക്കുകയും പ്രഥമാധ്യാപകനും പിടി അംഗങ്ങളുമായി ചേർന്ന് സ്കൂൾ ഗ്രൗണ്ടിൽ ഒരു വൃക്ഷത്തെ നടുകയും ചെയ്യാൻ തീരുമാനിച്ചു.
ജെ ആർ സി ഹരിതാങ്കണം 2025 ന്റെ ഭാഗമായി സ്കൂൾ മുറ്റത്തൊരു പച്ചക്കറി തോട്ടം എന്ന പദ്ധതിയുടെ കീഴിൽ കൃഷിഭവനിൽ നിന്നും പച്ചക്കറി തൈ വാങ്ങുകയും കുട്ടികളെ കൊണ്ട് പച്ചക്കറി തോട്ടം നിർമ്മിക്കുവാനും തീരുമാനിച്ചു.

ആഗസ്റ്റ് 2 : 2025 - 26 വർഷത്തെ ബി ലെവൽ പരീക്ഷ നടത്താൻ തീരുമാനിച്ചു
ആഗസ്റ്റ്15 : സ്വാതന്ത്ര്യദിന ആഘോഷത്തിന്റെ ഭാഗമായി റാലി സംഘടിപ്പിക്കാൻ തീരുമാനിച്ചു

ആഗസ്റ്റ് 19 : ലോക ജീവകാരുണ്യ ദിനത്തിൽ ജെ ആർ സി ആതുരാലയം സന്ദർശനത്തിന്റെ ഭാഗമായി ശാസ്താംകോട്ട ഹോസ്പിറ്റൽ വിസിറ്റ് ചെയ്യാനും അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുവാനും തീരുമാനിച്ചു.

സെപ്റ്റംബർ 14: പ്രഥമ ശുശ്രൂഷ പരിശീലന ക്ലാസ് നടത്താൻ തീരുമാനിച്ചു.

സെപ്റ്റംബർ 22 : ' സഹപാഠിക്ക് ഒരു സാന്ത്വനം 'പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ- വിദ്യാലയത്തിൽ നിന്നും സാമ്പത്തികമായി ഏറെ വിഷമത അനുഭവിക്കുന്ന ഒരു കുട്ടിയെ കണ്ടെത്തുകയും ജെ ആർ സി യുടെ നേതൃത്വത്തിൽ ആവശ്യമായ സഹായം നൽകുകയും ചെയ്യാൻ തീരുമാനിച്ചു.

ഒക്ടോബർ 1 : ലോക വൃദ്ധ ദിനത്തിന്റെ ഭാഗമായി കുട്ടികളെ വൃദ്ധജന പരിശീലന കേന്ദ്രമായ ഗാന്ധിഭവൻ കേന്ദ്രം സന്ദർശിക്കാൻ തീരുമാനിച്ചു.

ഒക്ടോബർ 2 : ഗാന്ധിജയന്തി ദിനാചരണവും സേവന വാരാചരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്.

ഒക്ടോബർ 5: ലോക അധ്യാപക ദിനത്തിൽ അധ്യാപകർക്ക് മധുരം, വിഷ്കാർഡ് എന്നിവ നൽകുന്നതാണ്.

നവംബർ: കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് സ്കൂളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

നവംബർ 14: ശിശുദിനം ആചരിക്കാൻ തീരുമാനിച്ചു.

ഡിസംബർ 1: ലോക എയ്ഡ്സ് ദിനത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.

ഡിസംബർ : ഭിന്നശേഷി ദിനത്തിന്റെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികളുമായി ഒരു ദിവസം ചിലവഴിക്കുന്നതാണ്.

ഡിസംബർ 6 : 20025 - 26 വർഷത്തെ എ ലെവൽ പരീക്ഷ നടത്തുന്നതാണ്.